**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4312** **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് തവണ വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 17.04.2017ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18.04.2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണം മൂലം, 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. രണ്ടാമത്തെ പരിഷ്കരണം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്.7.32% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. |
| (ബി) | വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഏതെങ്കിലും വിഭാഗങ്ങളെ പ്രസ്തുത വർദ്ധനയിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003 ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 08.07.2019ലെ താരിഫ് ഉത്തരവ് പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നും തന്നെ കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ